വിശദമായി പരിശോധിച്ചിട്ടില്ല. ഈ വിഭാഗത്തിൽ തന്നെ വലിയൊരു നമ്പർ അനർഹർ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(സി) മരണപ്പെട്ടിട്ടും പെൻഷൻ റദ്ദ് ചെയ്യാതെ അനന്തരവകാശികൾ പെൻഷൻ വാങ്ങുന്ന വിഭാഗത്തിലുള്ളവരാണ് അനർഹരിൽ കൂടുതലുള്ളത് എന്നതാണ് നിലവിലുള്ള മസ്റ്ററിംഗ് വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള അനുമാനം.

(ഡി) അനർഹമായി പെൻഷൻ കൈപ്പറ്റുന്നത് തടയുക വഴി ഈ ഇനത്തിലുള്ള ചെലവ് കുറയ്ക്കുവാൻ കഴിയും.

**സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്നവർക്കായുള്ള മസ്റ്ററിംഗ് സംവിധാനം**

130 (493) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്നവർ അക്ഷയ കേന്ദ്രങ്ങൾ വഴി നടത്തുന്ന മസ്റ്ററിംഗ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇതിനകം എത്ര ഗുണഭോക്താക്കൾ മസ്റ്ററിംഗ് നടത്തിയിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) മസ്റ്ററിംഗിലൂടെ അനർഹർ പെൻഷൻ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേരുണ്ടെന്നും അവർക്ക് ആകെ എന്തു തുക പെൻഷൻ ഇനത്തിൽ നൽകിയിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) മസ്റ്ററിംഗ് നടത്തുന്നതിനുള്ള കാലാവധി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷേമ പെൻഷനിൽ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പെടുന്നു. അക്ഷയ കേന്ദ്രങ്ങൾ മുഖേന സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗിനായി 2019 ഡിസംബർ 15 വരെ അനുവദിച്ചിരുന്ന സമയപരിധി 2019 ഡിസംബർ 31 വരെയും തുടർന്ന് 2020 ജനുവരി 31 വരെയും ദീർഘിപ്പിച്ചു നൽകിയിരുന്നു.

2020 ജനുവരി 31 വരെ ലഭ്യമായ വിവരങ്ങൾ പ്രകാരം സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയിരുന്ന 4733586 ഗുണഭോക്താക്കളിൽ 4331527 പേരും (91.5%) സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങിയിരുന്ന 678164 ഗുണഭോക്താക്കളിൽ 591441 പേരും (87.2%) മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെ കൂടി വിവരങ്ങൾ ലഭിച്ചതിനുശേഷമേ ഇക്കാര്യത്തിലെ അന്തിമ കണക്കുകൾ വ്യക്തമാകുകയുള്ളൂ. അതേസമയം മരണപ്പെട്ടവരുടെ പേരിലും അനർഹരായവരും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്നു എന്ന നിഗമനത്തിലേയ്ക്കാണ് ഈ കണക്കുകൾ എത്തിക്കുന്നത്.

നിലവിലെ ഏറ്റവും കുറഞ്ഞ പെൻഷൻ തുകയായ 1200 രൂപ നിരക്കിൽ പ്രതിമാസം ഏകദേശം 58.66 കോടിയോളം രൂപ പെൻഷൻ ഇനത്തിൽ നൽകിയിരുന്നതായി കണക്കാക്കുന്നു.

(സി) സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനായി അനുവദിച്ചിരുന്ന സമയപരിധി 2020 ജനുവരി 31 വരെയായിരുന്നു.

മസ്റ്ററിംഗിനുള്ള കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**ബയോമെട്രിക് മസ്റ്ററിംഗ്**

131 (494) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ ഏതാണ്ട് അഞ്ചുശതമാനം പേർ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അർഹരായ പെൻഷൻകാരെ കണ്ടെത്തുന്നതിനായി ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗിനു ശേഷം 2020 ജനുവരി 31-ലെ കണക്കുകൾ പ്രകാരം ഗുണഭോക്തൃപട്ടികയിലുണ്ടായിരുന്ന 402059 പേർ മസ്റ്ററിംഗ് ചെയ്യാതെ അവശേഷിക്കുന്നു. ഇത് ഏകദേശം 8.5% വരും. ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെകൂടി വിവരങ്ങൾ ലഭിച്ചതിനുശേഷമേ

LIBRARY ARCHIVES Kerala Legislative Assembly